റാവുസാഹിബ് കെ. അയ്യപ്പൻ: ൨ ൫൩%.

മിസ്റ്റർ പി. നാരായണമേനോൻ: വലിയവ്യത്യാസം ഇല്ലാത്ത നിലക്ക് നാട്ടുകാക്ക് കൊടുക്കുകയായിരുന്നില്ലെ നല്ലത് ?

റാവുസാഹിബ് കെ. അയ്യപ്പൻ: അങ്ങിനെയായാൽ വിളിക്കുന്നത് വളരെ കൂടുതലായി എന്നുവരും.

VISIT OF HEADS OF DEPARTMENT TO VYPEEN

145. മിസ്റ്റർ എം. കെ. വർഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) ഏതെല്ലാം വകുപ്പദ്ധ്യക്ഷന്മാരാണ് ൧൯൫൨-ൽ വൈപ്പിൻകര ഔദ്യോഗികമായി സന്ദർശിച്ചിട്ടുള്ളത്;

(ബി) വകുപ്പദ്ധ്യക്ഷന്മാക്ക വൈപ്പിൻകരയിലേക്ക് അനുവദിക്കുന്ന ടി. എ. യുടെ തോതെന്ത്?

റാവുസാഹിബ് എ. മാധവപ്രഭു:

(എ) (൧) ഡയറക്ടർ ഓഫ് ലൈബ്രറീസ്, (൨) റജിസ്ട്രേഷൻ ആൻറ് അഡീഷൽ സൂപ്രണ്ടൻറ്, (൩) പരസ്പരസഹായസംഘം റജിസ്ട്രാർ, (൪) സിക്രട്ടറി, കൊച്ചിൻ സ്റ്റേറ്റ് സെയിലേഴ്സ്, സോഫ്ജേഴ്സ് ആൻറ് എയർമെൻസ് ബോർഡ്, (൫) ലേബർ കമ്മീഷണർ, (൬) അധഃകൃത സംരക്ഷകൻ, (൭) പോലീസ് കമ്മീഷണർ, (൮) ദിവാൻ പേഷ്കാർ, (൯) ചീഫ് എഞ്ചിനീയർ, (൧൦) പഞ്ചായത്ത് ഡയറക്ടർ, (൧൧) എക്സൈസ് കമ്മീഷണർ.

(ബി) ഇപ്പോഴത്തെ പോലീസ് കമ്മീഷണരൊഴിച്ച് ബാക്കിയുള്ള വകുപ്പദ്ധ്യക്ഷന്മാക്ക കൊച്ചി സർവ്വീസ് റഗുലേഷനിലെ നിബന്ധനകളും അനുസരിച്ചുള്ള സഞ്ചാരബത്ത യാണുവാവുന്നതാണ്. ഈ നിരക്ക കൊച്ചി സർവ്വീസ് റഗുലേഷൻ ഇ. അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. പോലീസ് കമ്മീഷണർക്ക മദിരാശിയിലെ നിയമം അനുസരിച്ചാണ് ഈ കൊടുക്കുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: മദ്രാസിലേയും കൊച്ചിയിലേയും ഈ നിരക്ക് തമ്മിൽ നോക്കുമ്പോൾ അതേ rank-ൽ ഇവിടത്തെ ഉദ്യോഗസ്ഥന്മാക്ക് ഉള്ള ബത്തയ്ക്ക് എത്ര വ്യത്യാസമുണ്ടെന്ന് പറയാമോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ എം. കെ. രാജാ: കൊച്ചിയിലെ നിരക്കിനേക്കാളും കൂടുതലാണൊ മദ്രാസിലെ നിരക്ക്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അതെ.

WITHDRAWAL OF COCOANUT CONTROL IN TRAVANCORE AND BRITISH INDIA

146. Mr. Paramel Ipe Ipe (*Kunnamkulam*): Will Government be pleased to state.—

(*a*) is it a fact that the control over cocoanut and cocoanut produce has been withdrawn in Travancore and British India;

(*b*) whether our Government has received any communication about the withdrawal of the control before it is withdrawn;

(*c*) if so, when was that information received by our Government?

Mr. P. Govinda Menon (*Minister for Food and Education*):

(*a*) Yes.

(*b*) and (*c*) A communication was received by this Government on 21st June 1947 from the Resident, Madras States and the controls here were lifted the very same day.

ARTICLE IN THE "DEEPAM" DATED 6TH EDAVAM 1122

147. മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

"ദീപം" ദിനപത്രം ൧൯൪൬ എടവം ൨൰-ാംനു (൧൯൪൭ മേയ് ൯–ാംനു) പരസ്യപ്പെടുത്തിയ കൊച്ചിയിലെ പ്രത്യേകിച്ചും എറണാകുളത്തെ ഏറ്റവും നാറാംപിടിച്ച മുതുകാര്യത്തെപ്പറ്റി എഴുതിയിരുന്നതു ഗവൺമെണ്ടിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly